നം .ICDS A1/10438/20

വനിത ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
ഫോൺ:0471 -2346508
ഇ മെയിൽ.: directorate.wcd@kerala.gov.in
തീയതി: 25.02.2021

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ പ്രോഗ്രാം ഓഫീസർമാർക്കും,
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും.

സർ,

വിഷയം : വനിത ശിശു വികസന വകുപ്പ് - ഐ എസ്.ഡി.സി.- അങ്കണവാടി പ്രവർത്തകർക്കുള്ള രണ്ടു അഡീഷണൽ സെറ്റ് യൂണിഫോം വിതരണം - സംബന്ധിച്ച്.

സൂചന :1. 21.12.2020 തീയതിയിലെ സ.ഉ.(സാധാ)നം. 721/2020/സാനീവ നമ്പർ സർക്കാർ ഉത്തരവ്.

2. വനിതാ ശിശു വികസന ഡയറക്ടറുടെ 29.12.2020 തീയതിയിലെ ICDS A1/10438/20 നമ്പർ ഉത്തരവ്.

സംസ്ഥാനത്തെ അങ്കണവാടികളിലെ 33,115 അങ്കണവാടി വർക്കർമാർക്കും 32, 986 അങ്കണവാടി ഹെൽപ്പർമാർക്കും സമ്പുഷ്ടകേരളം പദ്ധതി പ്രകാരം രണ്ടു അഡീഷണൽ സെറ്റ് യൂണിഫോം നൽകുന്നതിന് സൂചന(1) പ്രകാരം സർക്കാർ അനുമതി ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ അങ്കണവാടി ജീവനക്കാർക്ക് രണ്ട് പവർലൂം കേരള കോട്ടൺ സാരി വീതം വിതരണം നടത്തുന്നതിന് സൂചന(2) പ്രകാരം കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽസ് കോർപറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ടെക്സ്റ്റയില്സ് കോർപ്പറേഷൻ ലിമിറ്റഡ് ഉടൻ തന്നെ യൂണിഫോം വിതരണം ഉടൻ ആരംഭിക്കുന്നതാണ്. കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽസ് കോർപറേഷൻ വിതരണം ചെയ്യുന്ന സാരികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| അങ്കണവാടി വർക്കർ | കസവ് ബോർഡറുള്ള കേരള കോട്ടൻ സാരി | 1 |
| | കസവും മഷിനീല ബോർഡറുമുള്ള കേരള കോട്ടൻ സാരി | 1 |
| അങ്കണവാടി ഹെൽപ്പർ | കസവ് ബോർഡറുള്ള കേരള കോട്ടൻ സാരി | 1 |
| | കസവും കട്ടുംപച്ച ബോർഡറുമുള്ള കേരള കോട്ടൻ സാരി | 1 |

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാരും യൂണിഫോം സാരി ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയ ശേഷം AWW/AWH മാർക്ക് യൂണിഫോം വിതരണം നടത്തേണ്ടതാണ്. എല്ലാ ICDS പ്രോജക്ടുകളിൽ ലഭ്യമാകുന്ന യൂണിഫോമിന്റെ വിവരം പ്രോഗ്രാം ഓഫീസർമാർ ശിശു വികസന പദ്ധതി ഓഫീസർമാരിൽ നിന്നും ശേഖരിച്ച് ക്രോഡീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

വിശ്വാസ്തതയോടെ,

വനിതാ ശിശു വികസന ഡയറക്ടർക്കു വേണ്ടി